പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1343 — 15/6/2012- ൽ മറുപടിയ്ക്ക്

## തിരുവനന്തപുരം നഗരസഭ വാഹനങ്ങൾക്കും ഉപകരണങ്ങൾക്കും ചെലവിട്ട തുക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ : | ശ്രീ.മഞ്ഞളാംകുഴി അലി<br>[ മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി ] |
| (എ) തിരുവനന്തപുരം നഗരസഭയിൽ നിലവിലുള്ള ഭരണ സമിതി അധികാരമേറ്റ ശേഷം എത്ര പുതിയ വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്; അതിന് എന്തു തുക ചെലവായിട്ടുണ്ട്; | (എ) അഞ്ച് വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. ആയതിന് 35,01,504/- ( മുപ്പത്തഞ്ച് ലക്ഷത്തി ആയിരത്തി അഞ്ഞൂറ്റി നാല്) രൂപ ചെലവായിട്ടുണ്ട്. |
| (ബി) അതിൽ, മേയർ ഉൾപ്പെടെയുള്ള കൗൺസിൽ അംഗങ്ങൾക്കു വേണ്ടിയും ഉദ്യോഗസ്ഥർക്കു വേണ്ടിയും വാങ്ങിയ വാഹനങ്ങളുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ; | (ബി) മേയർ, കൗൺസിൽ അംഗങ്ങൾ - 2 വാഹനങ്ങൾ, 16,02,139/- രൂപ (പതിനാറ് ലക്ഷത്തി രണ്ടായിരത്തി ഒരുന്നൂറ്റി മുപ്പത്തൊമ്പത്)<br>ഉദ്യോഗസ്ഥർക്ക് വാങ്ങിയത് - 3 വാഹനങ്ങൾ 18,99,365/- രൂപ (പതിനെട്ടു ലക്ഷത്തി തൊണ്ണൂറ്റൊമ്പതിനായിരത്തി മുന്നൂറ്റി അറുപത്തിയഞ്ച്) |
| (സി) കോർപ്പറേഷൻ വാങ്ങിയ പിറ്റ്ഹോൾ ഫില്ലിംഗ് മെഷീനും റോഡ് ക്ലീനിംഗ് മെഷീനും ഇപ്പോൾ പ്രവർത്തനക്ഷമമാണോ; എവിടെയെല്ലാമാണ് അവ ഉപയോഗപ്പെടുത്തുന്നത് ; | (സി) കോർപ്പറേഷൻ വാങ്ങിയ പിറ്റ്ഹോൾ ഫില്ലിംഗ് മെഷീൻ ഇപ്പോൾ പ്രവർത്തന ക്ഷമമല്ല. റോഡ് ക്ലീനിംഗ് മെഷീൻ ശനിയാഴ്ച ഒഴികെ എല്ലാ ദിവസവും ഉപയോഗിച്ചു വരുന്നു. കവടിയാർ മുതൽ കിഴക്കേക്കോട്ട വരെയും, കിഴക്കേക്കോട്ട മുതൽ കേശവദാസപുരം വരെയും റോഡിന് ഇരുവശത്തും ഡിവൈഡറിനോട് ചേർന്ന് വാഹനം ശുചീകരണ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | അവ വാങ്ങാൻ എന്തു തുക ചെലവായി; ഇതുവരെയുള്ള മെയിന്റനൻസിനും റിപ്പയറിംഗിനും എന്തു തുക ചെലവായി; വിശദമാക്കാമോ ? | (ഡി) | സ്വീപ്പിംഗ് മെഷീൻ വാങ്ങിയ വകയിൽ 73.5 ലക്ഷം രൂപയും പിറ്റ് ഹോൾ ഫില്ലിംഗ് മെഷീൻ വാങ്ങിയ വകയിൽ 29 ലക്ഷം രൂപയും ചെലവായിട്ടുണ്ട്. പിറ്റ് ഹോൾ ഫില്ലിംഗ് മെഷീന് റിപ്പയറിംഗിനായി തുകയൊന്നും തന്നെ ചിലവായിട്ടില്ല. സ്വീപ്പിംഗ് മെഷീന്റെ ഓപ്പറേഷനും മെയിന്റനൻസിനുമായി 31/3/ 12- വരെ 62,99,093/- (അറുപത്തിരണ്ട് ലക്ഷത്തി തൊണ്ണൂറ്റൊമ്പതിനായിരത്തി തൊണ്ണൂറ്റി മൂന്ന്) രൂപ ചെലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ